ങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി 15 അംഗീകൃത ഫൗണ്ടലിംഗ് ഹോമുകളും സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ കീഴിൽ തിരുവനന്തപുരത്തും മലപ്പുറത്തും രണ്ട് അഡോപ്ഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നതിനാൽ ഇതിനായി പുതിയ പദ്ധതി ആരംഭിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല.

(സി) സംസ്ഥാന ശിശുക്ഷേമ സമിതി തിരുവനന്തപുരത്തെ അഡോപ്ഷൻ സെന്ററിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി 'ബേബി ബാഗ് സംവിധാനം' ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനം പ്രവർത്തിച്ചു തുടങ്ങിയാൽ മാത്രമേ ഫലപ്രദമാണോ എന്നറിയുവാൻ കഴിയുകയുള്ളൂ.

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള 'ബേബിബാഗ്' സംവിധാനത്തിന്റെ പ്രവർത്തനം വിജയകരമാണെങ്കിൽ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ മലപ്പുറം ജില്ലയിലുള്ള അഡോപ്ഷൻ സെന്ററിൽ കൂടി ഈ സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

സ്കൂൾ തലത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം

9(*99) ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ.രാജു എബ്രഹാം :
ശ്രീ.പി.ടി.കുഞ്ഞി മുഹമ്മദ് :
ശ്രീ.കടകംപള്ളി സുരേന്ദ്രൻ :
ശ്രീ.ടി.എസ്.ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ തലത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്കൂൾ തലത്തിൽ ഏതു ക്ളാസ് മുതലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഏത് അദ്ധ്യയന വർഷം മുതലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കമ്പ്യൂട്ടർ പഠനം കരിക്കുലത്തിന്റെ ഭാഗമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ക്ലാസുകളിൽ എന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനായി അദ്ധ്യാപകരെ സജ്ജമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഏതൊക്കെ സോഫ്റ്റ്വെയർ കമ്പനികളുടെ സഹായത്തോടെ എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മാനേജ്മെന്റും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) ഉണ്ട്. 2002 ജൂൺ മുതൽ എട്ടാം ക്ലാസ് മുതലുള്ള അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ ഒരു പഠനോപകരണമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുവാനായി IT@ സ്കൂൾ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ തലത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ ഉപയോഗിക്കാൻ എട്ടാം ക്ലാസ് മുതൽ പരിശീലിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2002 ജൂൺ മുതൽ.

(ഡി) കരിക്കുലത്തിന്റെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നു. ആദ്യപടിയായി ഹൈസ്കൂളിലും തുടർന്ന് മറ്റു ക്ലാസുകളിലും.

(ഇ) കമ്പ്യൂട്ടറുകൾ ഒരു പഠനോപകരണമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുവാൻ അദ്ധ്യാപകരെ സജ്ജമാക്കുന്നതിന്റെ ആദ്യ പടിയെന്ന നിലയിൽ, നൂറ് അദ്ധ്യാപകർക്ക് മാസ്റ്റർ ട്രെയിനർമാരായി പരിശീലനം നൽകി വരുന്നു. ഇന്റൽ കമ്പ്യൂട്ടർ (Intel) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹകരണത്തോടെയാണ് മാസ്റ്റർ ട്രെയിനർമാർക്ക് ഇപ്പോൾ പരിശീലന പരിപാടി നടപ്പിലാക്കുന്നത്. അദ്ധ്യാപക പരിശീലനം നൽകുന്നതിന് 34 വിദ്യാഭ്യാസ ജില്ലാതല പരിശീലന കേന്ദ്രങ്ങൾ സജ്ജമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എട്ടാം ക്ലാസിൽ 2002-ൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് ആവശ്യമായ മുഴുവൻ ഹൈസ്കൂൾ അദ്ധ്യാപകർക്കും 2001-2002 വർഷത്തിൽ പരിശീലനം നൽകുന്നതാണ്.

(എഫ്) മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനത്തിന് "ഇന്റൽ" എന്ന കമ്പനിയുടെ സൗജന്യ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മൈക്രോസോഫ്റ്റ്, World Space തുടങ്ങിയ മറ്റു കമ്പനികളുടെ സേവനം ലഭ്യമാക്കുന്ന കാര്യത്തെപ്പറ്റി ആലോചനകൾ നടക്കുന്നുണ്ട്.

കരാറുകാർക്ക് കൂടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി

10(*100) ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ.തോമസ് ചാഴിക്കാടൻ :
ശ്രീ.കെ.നാരായണക്കുറുപ്പ് :
ശ്രീ.ടി.എം.ജേക്കബ് :
ശ്രീ.എം.കെ.മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മനുഷ്യത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കരാറുകാർക്ക് കൂടിശ്ശിക ലഭിക്കാത്തതുമൂലം സംസ്ഥാന വ്യാപകമായി കരാറുകാർ ടെണ്ടറുകൾ ബഹിഷ്കരിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) പൊതുമരാമത്തു വകുപ്പ് കരാറുകാർക്ക് നൽകാനുള്ള കൂടിശ്ശിക എത്ര; ഡിവിഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

1185/2010.

LIBRARY ARCHIVES Kerala Legislative Assembly